**പതിനാലാം കേരള നിയമസഭ**
**രണ്ടാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നമ്പർ : 6393

08.11.2016 ൽ
മറുപടിക്ക്

## പോലീസ് സേനയെ കാര്യക്ഷമമാക്കുന്നതിന് നടപടി

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.എം.സ്വരാജ്** | **ശ്രീ. പിണറായി വിജയൻ (മുഖ്യമന്ത്രി)** |
| (എ) സംസ്ഥാനത്തെ പോലീസ് സേനയെ കൂടുതൽ കാര്യക്ഷമമാക്കുന്നതിന് നടപടി സ്വീകരിക്കുമോ; | (എ) സംസ്ഥാനത്തെ പോലീസ് സേനയെ കൂടുതൽ കാര്യക്ഷമമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) അത്യാധുനിക സാങ്കേതിക വിദ്യകൾ ഉപയോഗിച്ച് നടത്തപ്പെടുന്ന കുറ്റകൃത്യങ്ങൾ തെളിയിക്കുന്നതിന് പോലീസ് സേനയെ പര്യാപ്തമാക്കുന്നതിനും വൈദഗ്ധ്യം ലഭ്യമാക്കുന്നതിനും എന്തെല്ലാം നടപടികൾ സ്വീകരിച്ചുവരുന്നു എന്ന് അറിയിക്കുമോ; | (ബി) കുറ്റകൃത്യം തെളിയിക്കുന്നതിന് അത്യാധുനിക സാങ്കേതിക വിദ്യകളെ സംബന്ധിച്ച് വിവിധ തരത്തിലുള്ള പരിശീലന പരിപാടികൾ പോലീസ് ഉദ്യോഗസ്ഥർക്ക് നൽകിവരുന്നുണ്ട്. ഇതിനു പുറമെ ശാസ്ത്രീയ കുറ്റാന്വേഷണത്തിന് സഹായകരമായ ഉപകരണങ്ങൾ വാങ്ങുന്നതിനും സൈബർ കുറ്റകൃത്യങ്ങളുടെ അന്വേഷണത്തിന് സഹായകരമായ സാങ്കേതിക പരിജ്ഞാനം വർദ്ധിപ്പിക്കുന്നതിനും വേണ്ടിയുള്ള നടപടികളും സ്വീകരിച്ചു വരുന്നു. |
| (സി) പോലീസ് സേനയ്ക്ക് കൂടുതൽ അത്യാധുനിക ഉപകരണങ്ങൾ ലഭ്യമാക്കുന്നത് സർക്കാരിന്റെ പരിഗണനയിലുണ്ടോ? | (സി) പരിഗണിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ